found that Chapter XXVI KER is applicable to aided school teachers only. Hence I am to direct you to settle the grievance of the petitioners as 15 years service is not necessary to the Government School teachers for Headmaster's scale of pay and grade."

മേൽ ഉദ്ധരിച്ച ഉത്തരവിൽ അധ്യായം XXVI എയ്ഡഡ് സ്കൂൾ അധ്യാപകർക്കു മാത്രമാണ് ബാധകം എന്നു വ്യക്തമാക്കുന്നതിലൂടെ ആ അധ്യായത്തിലെ ചട്ടം 1 (1) പ്രകാരം എയ്ഡഡ് പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ഹെഡ്മാസ്റ്റേഴ്സ് സ്കെയിൽ കിട്ടണമെങ്കിൽ 15 വർഷത്തെ തുടർച്ച യായ സർവീസ് വേണമെന്ന കാര്യം പരോക്ഷ മായി ഒരിക്കൽ കൂടി സർക്കാർ ഉറപ്പിച്ചു പറയുക യാണ്. ഈ അനീതിക്കെതിരെ എയ്ഡഡ് സ്കൂൾ അധ്യാപകർ ഒറ്റക്കെട്ടായി പ്രതികരിക്കേണ്ടതുണ്ട്. എയ്ഡഡ് സ്കൂളിലെ ഹെഡ്മാസ്റ്റർമാരൊഴികെ മറ്റെല്ലാ വിഭാഗം അധ്യാപകരുടെയും കാര്യത്തിൽ എയ്ഡഡ് എന്നോ സർക്കാർ എന്നോ ഉള്ള യാതൊരുതര വിവേചനവുമില്ലാതെ ഒരേ സ്കെ യിലും ഗ്രേഡ് പ്രൊമോഷനും ഒരേ സർവീസുമാ ണ് നിലവിലുള്ളത്. അധ്യാപക സംഘടനകൾ ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി ഈ വിവേചനം അവസാനിപ്പിക്കാൻ വേണ്ടി സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുകയാണു വേണ്ടത്. മേൽ ഉദ്ധ രിച്ച സർക്കാർ ഉത്തരവ് കടുത്ത വിവേചനമാണ് സൃഷ്ടിച്ചിട്ടുള്ളതെന്നതിനാൽ തുല്യനീതിക്കു വേണ്ടി നീതിപീഠത്തെയും സമീപിക്കാവുന്ന താണ്.

## 1-2-2016 മുതൽ കെ.എസ്.ആർ. ഒന്നാം ഭാഗം ചട്ടം 28 A അനുസരിച്ചുള്ള ശമ്പള നിർണയരീതി വിശദീകരിക്കാമോ?

**ബീന ജോസഫ്, ഹെഡ്മിസ്ട്രസ്സ്**
**എൽ.എഫ്.എൽ.പി.സ്കൂൾ,**
**തഴുവം കുന്ന്, മൂവാറ്റുപുഴ**

**?** എൽ.പി.എസ്.എ.ആയി സെലക്ഷൻ ഗ്രേഡ് ലഭിച്ച, 24 വർഷം സർവീസുള്ള, ഒരു അധ്യാപി കയ്ക്ക് 1-04-2016 നു ഹെഡ്മിസ്ട്രസ്സ് ആയി പ്രൊമോഷൻ ലഭിച്ചു. 1-04-2016 നു ലോവർ സ്കെയിലിലെ അടിസ്ഥാന ശമ്പളം 48000 രൂപ (32300-68700) യായിരുന്നു. 1-4-2016 ന് ഹെഡ്മാ സ്റ്റർ സ്കെയിലിൽ (35700-75600) 50400 രൂപയായി ശമ്പള നിർണയം നടത്തി. ലോവർ സ്കെയി ലിലെ ഇൻക്രിമെന്റ് തിയ്യതി 1-07-2016 ആണ്. 1-02 -2016 മുതൽ KSR ഭാഗം I ചട്ടം 28 A ക്കു 26-3 -2006 നു മുമ്പുള്ള നില പുനഃസ്ഥാപിച്ചു എന്നറി യുന്നു. ആ നില എന്താണെന്നു വിശദീകരിക്കാ മോ? ഇൻക്രിമെന്റ് തിയ്യതിയായ 1-7-2016 നു ശമ്പള നിർണയം നടത്തിയാൽ അടിസ്ഥാന ശമ്പളം എത്രയാണെന്നു വിശദീകരിക്കാമോ?

***** 2014 ശമ്പള പരിഷ്കരണ ഉത്തരവായ G.O.(P) 7/16/Fin. dt. 20-1-2016 ലെ ഖണ്ഡിക39, 40 എന്നിവയിലാണ് കെ.എസ്.ആർ ഒന്നാം ഭാഗം ചട്ടം 28A പ്രകാരമുള്ള പുതിയ ശമ്പള നിർണയ രീതിയെപ്പറ്റി പ്രതിപാദിക്കുന്നത്. 28A യുടെ നില വിലെ ശമ്പള നിർണയരീതി മാറ്റുകയും 26-3-2006 നു മുമ്പുണ്ടായിരുന്ന 28A യുടെ രീതി പുനഃസ്ഥാ പിക്കുകയുമാണുണ്ടായത്. 28Aയുടെ നിലവിലെ 'a', 'b' ഓപ്ഷൻ രീതി അവസാനിപ്പിച്ചു. നില വിലെ ഓപ്ഷൻ രീതി ജീവനക്കാർക്ക് പല രീതി യിലുള്ള നഷ്ടം ഉണ്ടാക്കുക മാത്രമല്ല; ആ രീതി നിരവധി ഓഡിറ്റ് ഒബ്ജക്ഷന് ഇടവരുത്തുകയും ചെയ്തിരുന്നു. ജീവനക്കാർക്ക് നിലവിലുള്ള 28A ശമ്പള നിർണയ രീതിയെക്കാൾ ഏറ്റവും ഗുണ കരം 26-3-2006 നു മുമ്പുണ്ടായിരുന്ന 28A യുടെ ശമ്പള നിർണയ രീതിയാണ്. ശമ്പള പരിഷ്ക രണ ഉത്തരവിലെ ഖണ്ഡിക 40 ൽ പുതിയ രീതി യെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്.

പുതിയ ശമ്പള നിർണയ രീതിയനുസരിച്ചു പ്രാരംഭ ശമ്പള നിർണയവും (Initial fixation) ശമ്പള പുനർനിർണയവും (refixation) നടത്തേ ണ്ടതായി വരും.

### പ്രാരംഭ ശമ്പളം തിട്ടപ്പെടുത്തുന്ന രീതി (Initial fixation)

പ്രൊമോഷൻ പ്രാബല്യത്തിൽ വന്ന തിയ്യതി മുതൽ മുൻ തസ്തികയിൽ ലഭിച്ചു കൊ ണ്ടിരുന്ന അടിസ്ഥാന ശമ്പളത്തിന്റെ (Basic Pay) കൂടെ ആ ശമ്പള സ്കെയിലിലെ അടുത്ത ഇൻക്രി മെന്റ് തുക എത്രയാണോ ആ തുക കൂട്ടുക. ആ തുകയെ ഉയർന്ന തസ്തികയുടെ (പ്രൊമോഷൻ വഴി ലഭിച്ച തസ്തികയുടെ) ശമ്പള സ്കെയിലിലെ തൊട്ടടുത്ത ഉയർന്ന സ്റ്റേജിൽ ശമ്പളം ക്ലിപ്ത

പ്പെടുത്തുക. ഈ തുകയായിരിക്കും പ്രൊമോട്ടഡ് തസ്തികയിലെ പ്രാരംഭ അടിസ്ഥാന ശമ്പളമായി ലഭിക്കുന്നത്.

ലോവർ തസ്തികയിൽ തുടർന്നിരുന്നുവെങ്കിൽ ആ തസ്തികയിൽ അടുത്ത ഇൻക്രിമെന്റ് തിയ്യതിയിൽ ലഭിക്കുമായിരുന്ന അടിസ്ഥാന ശമ്പളത്തെ അടിസ്ഥാനമാക്കിയാണു ശമ്പള പുനർനിർണയം നടത്തുന്നത്.

**ശമ്പള പുനർനിർണയം നടത്തേണ്ട രീതി (Refixation)**

ലോവർ തസ്തികയിൽ തുടർന്നിരുന്നുവെങ്കിൽ ആ തസ്തികയിലെ ശമ്പള സ്കെയിലിൽ കിട്ടുമായിരുന്ന ഇൻക്രിമെന്റ് കൂടി കൂട്ടി ലോവർ തസ്തികയിലെ ശമ്പളം കണക്കാക്കുക. അതിനോടുകൂടി പ്രാരംഭ ശമ്പള നിർണയത്തിൽ ചെയ്തതുപോലെ ലോവർ സ്കെയിലിലെ അടുത്ത ഇൻക്രിമെന്റ് തുക കൂടി കൂട്ടുക. അങ്ങനെ കിട്ടുന്ന തുകയെ പ്രൊമോട്ടഡ് തസ്തികയുടെ സ്കെയിലിലെ അടുത്ത സ്റ്റേജിൽ ക്ലിപ്തപ്പെടുത്തുക.

മുകളിൽ പ്രതിപാദിച്ച വിധം റി-ഫിക്സേഷൻ (ശമ്പള പുനർനിർണയം) നടത്തിക്കഴിഞ്ഞാൽ ആ തിയ്യതിയിൽ നിന്നും ഇൻക്രിമെന്റ് കണക്കാക്കാൻ അർഹതയുള്ള ഒരു വർഷം കഴിഞ്ഞാൽ പ്രൊമോട്ടഡ് തസ്തികയിലെ അടുത്ത ഇൻക്രിമെന്റ് വാങ്ങാം. പ്രൊമോട്ടഡ് തസ്തികയിലെ സ്കെയിലിന്റെ മിനിമം 68700 രൂപയോ അതിൽ കുറവോ അടിസ്ഥാന ശമ്പളമുള്ളവർക്കാണ് 28A അനുസരിച്ചുള്ള ശമ്പളനിർണയം അനുവദിച്ചിരിക്കുന്നത്.

ഇൻക്രിമെന്റ് തിയ്യതിയിലോ അല്ലെങ്കിൽ ആ മാസത്തിൽത്തന്നെയോ ആണു പ്രമോഷൻ പ്രാബല്യത്തിൽ വരുന്നതെങ്കിൽ പ്രാരംഭ ശമ്പള നിർണയത്തിൽ തന്നെ റി-ഫിക്സേഷൻ ബെനഫിറ്റ് ഉൾപ്പെടെ ലഭിക്കുന്നതിനാൽ ശമ്പള പുനർനിർണയ ത്തിന്റെ പ്രശ്നമുത്ഭവിക്കുന്നില്ല. 1-4-2016 നു പ്രാരംഭ ശമ്പള നിർണയം നിങ്ങൾ നടത്തിയെങ്കിലും മറ്റുള്ളവർക്കു കൂടി പ്രയോജനപ്പെടേണ്ടതിലേക്ക് പ്രാരംഭ ശമ്പള നിർണയവും ചുവടെ കൊടുക്കുന്നു.

**പ്രൊമോഷൻ പ്രാബല്യത്തിൽ വന്ന തിയ്യതിയിലെ പ്രാരംഭ ശമ്പള നിർണയം (Initial Fixation)**

1. പ്രൊമോഷൻ പ്രാബല്യത്തിൽ വന്ന തീയതി : 1-4-2016
2. സഹാധ്യാപക തസ്തികയിലെ1-4-16 ന്റെ ശമ്പളം : 48000 (32300-68700)
3. ഈ തസ്തികയിലെ അടുത്ത ഇൻക്രിമെന്റ് സ്റ്റേജ് : 49200 (32300-68700)
4. പ്രധാനാധ്യാപക തസ്തികയുടെ സ്കെയിലിലെ തൊട്ടടുത്ത സ്റ്റേജ് : 50400 (35700-75600)
5. 1-4-16 നു ഹെഡ്മാസ്റ്റർ സ്കെയിലിലെ ശമ്പളം : 50400 (35700-75600)

**ലോവർ സ്കെയിലിലെ അടുത്ത ഇൻക്രിമെന്റ് തിയ്യതിയിൽ നടത്തേണ്ടതായ ശമ്പള പുനർനിർണയം (Refixation)**

1. സഹാധ്യാപക തസ്തികയിലെ തൊട്ടടുത്ത ഇൻക്രിമെന്റ് തിയ്യതി : 1-7-2016
2. 1-7-16 നു ലോവർ സ്കെയിലിൽ ആയിരുന്നുവെങ്കിൽ കിട്ടുമായിരുന്ന ശമ്പളം : 49200 (32300-68700)
3. സഹാധ്യാപക സ്കെയിലിലെ അടുത്ത ഇൻക്രിമെന്റ് ചേർത്താൽ : 50400 (32300-68700)
4. പ്രധാനാധ്യാപക തസ്തികയുടെ സ്കെയിലിലെ തൊട്ടടുത്ത ശമ്പള ഘട്ടം : 51600 (35700-75600)
5. 1-7-16 ലെ ഹെഡ്മാസ്റ്റർ സ്കെയിലിലെ അടിസ്ഥാന ശമ്പളം : 51600 (35700-75600)
6. ഹെഡ്മാസ്റ്റർ സ്കെയിലിലെ അടുത്ത ഇൻക്രിമെന്റ് തിയ്യതി : 1-7 -2017

ഹെഡ്മാസ്റ്റർ പ്രൊമോഷൻ പ്രാബല്യത്തിൽ വന്ന തിയ്യതിയായ 1-4-2016 നു ഹെഡ്മാസ്റ്റർ സ്കെയിലിലെ അടിസ്ഥാന ശമ്പളം 50400 രൂപയായും, ലോവർ തസ്തികയിലെ ഇൻക്രിമെന്റ് തിയ്യതിയായ 1-7-2016 നു ശമ്പള പുനർനിർണയം നടത്തിയാൽ 51600 രൂപയായും ശമ്പളം നിജപ്പെടുത്താവുന്നതാണ്.



www.ranjithkumarak.blogspot.in